LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാനന്തവാടിയിലെ പ്രീയദർശിനി തേയില തോട്ടത്തിലെ തൊഴിലാളികൾക്ക് സൗജന്യമായി ഉച്ചക്കഞ്ഞി, മുട്ട, പാൽ എന്നിവ നൽകി വരുന്നു. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പ് എന്നിവയും നടത്തി വരുന്നുണ്ട്. പ്ലാന്റേഷൻ നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

(ബി) 160 കുടുംബങ്ങൾ അധിവസിക്കുന്നു.

(സി) തൊഴിലാളികൾക്കുവേണ്ടി 89 പുതിയ വീടുകൾ നിർമ്മിക്കുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വീട് നിർമ്മാണം നടന്നുവരുന്നു. റിപ്പയർ ചെയ്യാവുന്ന പഴയ വീടുകൾ സൊസൈറ്റി ചെലവിൽ റിപ്പയർ ചെയ്യുന്നുണ്ട്.

(ഡി) തോട്ടം പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി പ്രൂണിംഗ്, ലോപ്പിംഗ്, മാനുറിംഗ് മുതലായ ജോലികൾ ചെയ്യുന്നു. കൂടാതെ 10 ഏക്കർ സ്ഥലത്ത് പുതിയ തേയില ചെടികൾ വയ്ക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. 2009-10 വർഷം 10 ലക്ഷം കിലോ തേയിലച്ചപ്പ് ലഭ്യമായിട്ടുണ്ട്. ഇത് സർവ്വകാല റിക്കോർഡാണ്.

(ഇ) തൊഴിലാളികൾക്ക് നൽകേണ്ട എല്ലാ കുടിശ്ശികയും നൽകിയിട്ടുണ്ട്.

(എഫ്) 2005-ൽ ഫാക്ടറിയും എസ്റ്റേറ്റും അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടായപ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം എസ്റ്റേറ്റ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 160 ലക്ഷം രൂപയും 2009-ൽ 39 ലക്ഷം രൂപയും ധനസഹായമായി നൽകുകയും ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കാൻ വേണ്ട സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി നടപടികൾ തുടർന്നുവരുന്നു.

അട്ടപ്പാടിയിലെ ആദിവാസി ഭൂമി കൈവശപ്പെടുത്താൻ ശ്രമിക്കുന്ന ഭൂമാഫിയക്കെതിരെ നടപടി

114 (5519) ശ്രീ. കെ. ബാബു:
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക-സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങളുടെ ഭൂമി അന്യായമായി കൈവശപ്പെടുത്താൻ ഭൂമാഫിയകളുടെ നേതൃത്വത്തിൽ നടക്കുന്ന ശ്രമങ്ങൾ പരാജയപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ വർഷം അട്ടപ്പാടിയിൽ നിന്നും ഇത്തരത്തിലുള്ള എത്ര സംഭവങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ;

(സി) ഈ സംഭവങ്ങളിൽ എത്ര പേർക്കെതിരെ കേസെടുത്ത് കുറ്റക്കാർക്കെതിരെ നിയമനടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ആദിവാസി കോളനിയിൽ മറ്റുള്ളവർ കടന്നുകയറി സർക്കാർ ഭൂമി കൈവശപ്പെടുത്തുന്ന പ്രവണത തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) അട്ടപ്പാടി മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി കുടുംബങ്ങൾക്ക് അന്യാധീനപ്പെട്ട എത്ര ഏക്കർ സ്ഥലം തിരിച്ചെടുത്ത് അവർക്ക് വീണ്ടും നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

വയനാട് ഗിരിധാരാ പദ്ധതി

115 (5520) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈബൽ മിഷന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന ഗിരിധാരാ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപ്പു വർഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രത്യേക കേന്ദ്ര സഹായം വിനിയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഗിരിധാരാ പദ്ധതി. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന പൈപ്പുജലം എത്തിക്കുന്നതിനുള്ള സാമൂഹ്യാധിഷ്ഠിത കുടിവെള്ള പദ്ധതിയാണിത്. 10-15 ശതമാനം വരെ ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്ന തുക ഗുണഭോക്തൃ സമിതി മുഖേന ജോലി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കേരള സർക്കാരിന്റെ ഒരു അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ-എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. ട്രൈബൽ മിഷൻ മുഖേനയല്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2002-03, 2003-04 വർഷം 12.50 കോടി രൂപ 100% അധിക കേന്ദ്ര സഹായമായി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചതാണ്.

(ബി) പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly